# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

## എൽ.എസ്.എസ്. പരിശീലനം - മിഷൻ 2020

## മാതൃകാ ചോദ്യപേപ്പർ

## മലയാളം - യൂണിറ്റ് 5 - മധുരം

**സമയം 50 മിനിട്ട്** **സ്കോർ 20**

**പേര്: .................................................................................... ഫോൺ:...............................**

**സ്കൂൾ: ..........................................................................................................................**

**നിർദ്ദേശങ്ങൾ**

* **ഇത് ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി തയ്യാറാക്കിയ മാതൃകാ ചോദ്യപേപ്പറാണ്.**
* **മലയാളത്തിലെ മധുരം എന്ന പാഠഭാഗത്ത് നിന്നും ചോദിക്കാൻ സാധ്യതയുള്ള ചോദ്യങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.**
* **അഞ്ച് മാർക്കിന്റെ രണ്ട് ചോദ്യങ്ങളും ഓരോ മാർക്കിന്റെ പത്ത് ചോദ്യങ്ങളും ഉൾപ്പെടെ പന്ത്രണ്ട് ചോദ്യങ്ങളും ഇരുപത് മാർക്കുമാണ് പേപ്പർ I പാർട്ട് എ യിൽ ഉണ്ടാവുക.**
* **ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.**
* **എല്ലാ ചോദ്യത്തിനും ഉത്തരം എഴുതണം.**
* **ആദ്യത്തെ മുപ്പത് മിനിട്ട് വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്കും ബാക്കി ഇരുപത് മിനിട്ട് ബ്രാക്കറ്റിൽ നിന്നും തിരഞ്ഞെടുത്തെഴുതേണ്ട ചോദ്യങ്ങൾക്കും വിനിയോഗിക്കണം.**

**ഒന്നു മുതൽ അഞ്ചുവരെ ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

**1.** ശൃംഗാരം, കരുണം, വീരം, രൗദ്രം, ഹാസ്യം, ഭയാനകം, ബീഭൽസം, അത്ഭുതം, ശാന്തം
ഇവയ്ക്ക് പൊതുവെ പറയുന്ന പേര് എന്ത് ? **സ്കോർ 1**

ഉത്തരം

**2.** തെറ്റായ ജോഡി ഏത്?

എ) രുക്മിണീ സ്വയംവരം - കുഞ്ചൻ നമ്പ്യാർ

ബി) ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി

സി) കൃഷ്ണഗാഥ - ചെറുശ്ശേരി

ഡി) കേരള സാഹിത്യചരിത്രം - വള്ളത്തോൾ **സ്കോർ 1**

ഉത്തരം

**3.** 'അന്നവിചാരം മുന്നവിചാരം
പിന്നെ വിചാരം കാര്യവിചാരം'
ഇവിടെ കാര്യവിചാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

ഉത്തരം



**തയ്യാറാക്കിയത്**
**റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി - 9447727570**

4. ഒറ്റയാനെ കണ്ടെത്തുക?

എ) പായസം ബി) അവിയൽ സി) സാമ്പാർ ഡി) അൽഫാം **സ്കോർ 1**

ഉത്തരം

5. സൂചനകളിൽ നിന്നും വ്യക്തിയെ തിരിച്ചറിയുക.

-> 1927 മെയ് 10-ന് തൃശ്ശൂർ ജില്ലയിൽ ജനനം

-> അധ്യാപകനായിരുന്നു

-> നമ്പൂരി ഫലിതങ്ങൾ, കുട്ടികളുടെ രാമായണം എന്നിവ പ്രധാന കൃതികൾ

-> 2006-ൽ അന്തരിച്ചു. **സ്കോർ 1**

ഉത്തരം

**ആറു മുതൽ പത്തുവരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതണം.**

6. 'സുമംഗല' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരിയുടെ പേര്? **സ്കോർ 1**

എ) രാജലക്ഷ്മി ബി) ലീല നമ്പൂതിരിപ്പാട് സി) മാധവിക്കുട്ടി ഡി) ബാലാമണിയമ്മ

ഉത്തരം

7. താഴെ കൊടുത്തതിൽ കാർഷിക സമൃദ്ധിയുമായി ബന്ധപ്പെട്ട ചൊല്ല് ഏത് ?

എ) വിത്തു വിതച്ചാൽ മുത്ത് വിളയുമോ?

ബി) വിത്താഴം ചെന്നാൽ പത്തായം നിറയും

സി) വിതയ്ക്കുന്നതിനു മുൻപ് കൊയ്യുക

ഡി) വിത്തു കുത്തി ഉണ്ണരുത് **സ്കോർ 1**

ഉത്തരം

8. അകത്ത് രോമം. പുറത്ത് ഇറച്ചി - ഈ കടങ്കഥയുടെ ഉത്തരമെന്ത്?

എ) മൂക്ക് ബി) പൂച്ച സി) ആമ ഡി) തല **സ്കോർ 1**

ഉത്തരം

9. അക്ഷരമാലാ ക്രമത്തിൽ എഴുതിയ കൂട്ടം ഏത്?

എ) ആനന്ദം, കാനനം, ഖഗം, വികൃതി

ബി) കരടി, കീചകൻ, ആമോദം, സന്തോഷം

സി) ഖേദം, ഖിന്നത, ഖഗം, ഘടികാരം

ഡി) അനുസ്മരണ, അമല, ആകാശം, അതിര് **സ്കോർ 1**

ഉത്തരം



**തയ്യാറാക്കിയത്**
**റിസോഴ്സ് ടീം, ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി - 9447727570**

10. കൂട്ടത്തിൽപെടാത്തത് ഏത്?

എ) വേനൽ + കിനാക്കൾ = വേനൽക്കിനാക്കൾ

ബി) മുത്തശ്ശി + കഥ = മുത്തശ്ശിക്കഥ

സി) ഒറ്റ + വാക്ക് = ഒറ്റവാക്ക്

ഡി) തുള്ളൽ + പാട്ട് = തുള്ളൽപ്പാട്ട് **സ്കോർ 1**

| ഉത്തരം |
|---|

**പതിനൊന്നു മുതൽ പന്ത്രണ്ടുവരെയുള്ള ചോദ്യങ്ങൾക്ക് വിശദമായി ഉത്തരമെഴുതണം.**

11. താഴെ നൽകിയിരിക്കുന്ന കുറിപ്പ് ശ്രദ്ധയോടെ വായിക്കുക.

**മുകുന്ദേട്ടന്റെ കുട്ടികൾ**

**എം. മുകുന്ദൻ**

നമ്മൾ പ്രകൃതിയോട് ആദരവ് കാണിക്കണം പ്രകൃതിയെ സ്നേഹിക്കുകയും വേണം പക്ഷെ നമ്മളത് ചെയ്യുന്നുണ്ടോ? ഇല്ല. അതുകൊണ്ടാണ് പ്രകൃതി ഒരു വർഷത്തിനുള്ളിൽ രണ്ട് പ്രളയങ്ങൾ നമുക്ക് നൽകിയത്. വലിയ നാശനഷ്ട ങ്ങളാണ് നമുക്കുണ്ടായത്. കുന്നുകൾ ഇടിഞ്ഞുവീണു. പുഴകൾ ഗതിമാറി ഒഴുകി. നൂറുകണക്കി നാളുകൾക്ക്ജീവൻ നഷ്ടപ്പെട്ടു. അവരുടെ ഇടയിൽ കുട്ടികളുമുണ്ട്. എത്രയോ പശുക്കളും ആടുകളും പക്ഷികളും മറ്റും ചത്തൊടുങ്ങി. ഒരുപാടുപേർക്ക് കിടപ്പാടം നഷ്ടപ്പെട്ടു.

വീട് നഷ്ടപ്പെടുന്നത് വലിയൊരു വേദനയാണ്. വാസ്തവത്തിൽ വീട് നമുക്ക് നമ്മുടെ സ്വന്തം ശരീരം പോലെതന്നെ യാണ്. വീട്ടിലാണ് നമ്മൾ ജനിച്ചു വളരുന്നത്. അവിടെയിരുന്നുകൊണ്ടാണ് അമ്മ കുഞ്ഞിനെ മുലയൂട്ടുന്നത്. നമ്മൾ കിടക്കുന്ന കട്ടിൽ, അലമാര, മേശ, കസേര... അതെല്ലാം ഒരു നിമിഷത്തിനകം നമുക്ക് നഷ്ടപ്പെടുന്നു.

എന്റെ കുട്ടിക്കാലത്ത് അരനൂറ്റാണ്ടിനു മുമ്പ്, ഇപ്പോൾ പെയ്യുന്ന തിലേറെ മഴ പെയ്തിരുന്നു. അഞ്ചും പത്തും ദിവസങ്ങൾ തുടർച്ചയായി മഴ പെയ്യും. സൂര്യനെ കാണില്ല. ആകാശം ഇരുണ്ടിരിക്കും. സ്കൂളിൽ പോകുന്നതും വരുന്നതും നനഞ്ഞു കുളിച്ചായിരിക്കും,കൈയിൽ കുടയുണ്ടെങ്കിലും കുളിച്ചായിരിക്കും,കൈയിൽ കുടയുണ്ടെങ്കിലും വീട്ടിൽ എല്ലാവരും തണുത്തുവിറച്ചിരിക്കും. എന്നിട്ടും അക്കാലത്ത് പ്രളയമുണ്ടായിരുന്നില്ല കുന്നുകൾ ഇടിഞ്ഞ് വീണിരുന്നുമില്ല. എത്ര നല്ല കാലമായിരുന്നു അത്. അതുപോലുള്ള കാഴ്ചകളൊന്നും ഇന്നില്ല.

എ) മഴ കൂടുതലായിട്ടും പ്രളയമുണ്ടാവാത്ത തന്റെ ബാല്യകാലവും മഴ കുറവായിട്ടും വലിയ പ്രളയങ്ങൾക്ക് സാക്ഷിയാകേണ്ടി വരുന്ന ഇന്നത്തെ അവസ്ഥയെക്കുറിച്ചും മുകുന്ദൻ സ്മരിക്കുന്നു. മുകുന്ദന്റെ ബാല്യകാലവും ഇന്നത്തെ കാലവും തമ്മിൽ എന്താണ് വ്യത്യാസം?

**സ്കോർ 2**

ഉത്തരം

**ബി)** ''മഴയുണ്ടെങ്കിലേ നമ്മുടെ നദികളിൽ വെള്ളമുണ്ടാകു. നദികളിലും ഡാമുകളിലും വെള്ളമുണ്ടെങ്കിലേ നമുക്ക് വൈദ്യുതി കിട്ടു. എല്ലാം ആവശ്യത്തിന് മാത്രം മതി'' എന്താണ് നിങ്ങളുടെ അഭിപ്രായം. അധികമായാൽ അമൃതും വിഷമെന്ന പഴഞ്ചൊല്ലിനെ മേൽപറഞ്ഞ പ്രസ്താവനയെ അധികരിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **സ്കോർ 2**

ഉത്തരം

**സി)** 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന പ്രശസ്തമായ നോവൽ ആരുടെ രചനയാണ്? **സ്കോർ 1**

ഉത്തരം

**12.** **കവിത ശ്രദ്ധയോടെ വായിക്കുക.**

**അമ്പിളിയമ്മാവൻ** **ഉള്ളൂർ**

അമ്പിളിയമ്മാവാ! എവിടെ നീ
മുമ്പിൽ നിന്നോടിടുന്നൂ?
രാത്രി മരുമകനേ! നമുക്കുള്ള
യാത്രമുടക്കിക്കൂടാ!
എന്തിനെന്നമ്മാവാ! വരുന്നു നീ
യന്തിമയങ്ങിടുമ്പോൾ?
പാരിൽ മരുമകനേ! ദിവസവും
പോവതിൽ ക്ഷീണമില്ലേ?
ഏതും മരുമകനേ! പതിവായാൽ
ചെയ്തുകൊള്ളാമെളുപ്പം
വാനിലെന്നമ്മാവാ! മയങ്ങാഞ്ഞാൽ
ദീനം പിടിക്കയില്ലേ?
വാനിൽ മരുമകനേ! നടപ്പാർക്കു
ദീനമശേഷമില്ല.
നിന്നെയെന്നമ്മാവാ! പടച്ചതാർ
നിന്നുടെ വാനിനെയും?
നിന്നെ മരുമകനെ! പടച്ചവൻ
നിന്നുടെ ഭൂമിയെയും.

**എ)** അമ്പിളിയമ്മാവൻ കുട്ടിയെ എന്താണ് വിളിക്കുന്നത്? **സ്കോർ 1**

ഉത്തരം

**ബി)** അമ്പിളിയമ്മാവന്റെ ജോലി എന്താണ് ? **സ്കോർ 1**

ഉത്തരം

**സി)** അമ്പിളിയമ്മാവൻ കുട്ടിയെ മരുമകൻ എന്ന് വിളിക്കാൻ കാരണമെന്തായിരിക്കും? **സ്കോർ 1**

ഉത്തരം

**ഡി)** ഈ കവിത വായിച്ച് കവിതയുടെ ആശയം ചുരുക്കി എഴുതുക. **സ്കോർ 2**

ഉത്തരം

# ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി
# എൽ.എസ്.എസ്. പരിശീലനം – മിഷൻ 2020
# മാതൃകാ ചോദ്യപേപ്പർ –
# മലയാളം – യൂണിറ്റ് 5 – മധുരം
# (പേപ്പർ I) (പാർട്ട് എ)
# ഉത്തരസൂചിക

1 നവരസങ്ങൾ

2. ഡി. (കേരളസാഹിത്യ ചരിത്രം എഴുതിയത് മഹാകവി ഉള്ളൂർ ആണ്).

3. തൊഴിൽ, ജോലി, കർമ്മം ഇവയിൽ ഏതുമാകാം.

4. അൽഫാം (ഫാസ്റ്റ് ഫുഡ്)

5. കുഞ്ഞുണ്ണി

6. ബി) ലീലാ നമ്പൂതിരിപ്പാട്

7. ഡി. വിത്തുകുത്തി ഉണ്ണരുത്

8. എ. മൂക്ക്

9. എ. ആനന്ദം, കാനനം, ഖഗം, വികൃതി

10. സി. ഒറ്റ + വാക്ക് = ഒറ്റവാക്ക്

11. എ) എം. മുകുന്ദന്റെ ബാല്യകാലവും ഇന്നത്തെ കാലവും തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തണം.

| അന്ന് | ഇന്ന് |
|---|---|
| മഴ കൂടുതൽ, പ്രളയമില്ല<br>തുടർച്ചയായ മഴ<br>കുന്നുകൾ ഇടിഞ്ഞ് വീണില്ല.... | മഴ കുറവ്, പ്രളയമുണ്ട്<br>ഒറ്റമഴ<br>കുന്നുകളും മലകളും ഇടിഞ്ഞ് വീഴുന്നു. |

ബി) എല്ലാം ആവശ്യത്തിനുവേണമെന്നും അമിതമായാൽ നമ്മൾ അപകടത്തിലേക്ക് പോകുമെന്നും സൂചിപ്പിക്കണം. കൂടാതെ അധികമായാൽ അമൃതും വിഷമാണെന്ന ആശയത്തിലെത്തണം.

സി) എം. മുകുന്ദൻ

12.എ) മരുമകൻ

ബി) കൂരിരുൾ നീക്കി പ്രകാശം പരത്തൽ

സി) ഭൂമിയുടെ സന്തതിയാണ് കുട്ടി. ഭൂമിയും ചന്ദ്രനും തമ്മിലുള്ള ബന്ധം കുട്ടികൾക്ക് വിശദമാക്കണം.

ഡി) എന്നും തൊഴിൽ ചെയ്യുന്ന അമ്പിളമാമൻ. യാതൊരുമടിയും ക്ഷീണവും ഇല്ലാതെ പ്രവർത്തിക്കുക. മറ്റുള്ളവർക്കും വേണ്ടി പ്രകാശമാകണം. കൂടുതൽ വിശദീകരണം നൽകാം.